ദിശ 2021
LSS/USS പഠനസഹായി
പ്രൈമറി എച്ച്എം ഫോറം തിരൂർ
(തിരൂർ ബി.ആർ.സി യുടെ സഹകരണത്തോടെ)

# എൽ.എസ്.എസ്. മലയാളം

**ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ളവ**

1 നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന കായൽ ഏത്?

ഉ പുന്നമടക്കായൽ

2 ഒരു ചെടിയും നട്ടുവളർത്തീലോണപ്പൂവെങ്ങനെ നുള്ളാൻ ഒരു വയലും പൂട്ടി വീതിച്ചീലോണ ചോറെങ്ങനെയുണ്ണാൻ – ഈ വരികൾ ആരുടേതാണ്?

ഉ എൻ.വി. കൃഷ്ണവാര്യർ

3 പച്ചപ്പലക കൊട്ടാരത്തിൽ പത്തും നൂറും കൊട്ടത്തേങ്ങ ഈ കടങ്കഥയുടെ ഉത്തരം എന്ത്?

ഉ പപ്പായ

4 ആധുനിക കവിത്രയത്തിൽപെടാത്തത് ആര്?

ചെറുശ്ശേരി, കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ

ഉ ചെറുശ്ശേരി

5 ഒ.എൻ.വി യുടെ മുഴുവൻ പേര്?

ഉ ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുകുറുപ്പ്

6 മാതൃഭാഷയിലെ മഹനീയങ്ങളായ കാവ്യങ്ങളിൽ അഗ്രിമസ്ഥാനം ഏത് കാവ്യത്തിനാണ്?

ഉ കൃഷ്ണഗാഥ

7 കണ്ണന്റെ മുഖം എന്നർത്ഥം വരുന്ന പദം ഏത്?

കണ്ണന്താനന്നേരം, കണ്ണന്താന്നാനനം, കണ്ണാന്താന്നാനം, കണ്ണന്താനാനനം

ഉ കണ്ണന്താനാനനം

8 ക്ഷുഭിതൻ എന്ന പദത്തിന്റെ അർത്ഥം

ഉ കോപിച്ചവൻ

9 കൃഷ്ണഗാഥയുടെ രചനയ്ക്കു പിന്നിലെ വിനോദം?

ഉ ചതുരംഗം

10 ശരിയായ പദ് ഏത്?

പീഢ, പീഠ, പീട, പീഡ

ഉ പീഡ

11 കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി

കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി ആരുടെ വരികൾ

ഉ ചങ്ങമ്പുഴ

12 നാമ്പുണരുന്നത് പിരിച്ചെഴുതുക
ഉ നാമ്പ് + ഉണരുന്നത്
13 വേനൽക്കിനാക്കൾ പിരിച്ചെഴുതുക
ഉ വേനൽ + കിനാക്കൾ
14 പത്തായം പെറും ചക്കി കുത്തും
അമ്മ വെയ്ക്കും, ഉണ്ണി ഉണ്ണും, ഈ ചൊല്ലിന്റെ ആശയം എന്ത്?
ഉ അധ്വാനിക്കാതെ സുഖിച്ച് ജീവിക്കുന്നവരെ സൂചിപ്പിക്കുന്നു.
15 വിത്ത് കുത്തി ഉണ്ണരുത് ഈ ചൊല്ലിന്റെ അർത്ഥം ഉ:എല്ലാം കരുതിവെയ്ക്കണം
ഉ (ഭാവിയെക്കുറിച്ച് ഓർമ്മ വേണം)
16 ഏത് രാജാവിന്റെ ആജ്ഞപ്രകാരമാണ് ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചത്?
ഉ ഉദയവർമ്മൻ കോലത്തിരി
17 ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചത് ഏത് കൃതിയെ അടിസ്ഥാനമാക്കിയാണ്?
ഉ ഭാഗവതം, ദശമസ്കന്ധം
18 കുഞ്ഞേടത്തി എന്ന കവിത ആരുടേതാണ്?
ഉ ഒ എൻ.വി കുറുപ്പ്
19 കുടയില്ലാത്തവർ എന്ന കവിത ആരുടേതാണ്?
ഉ ഒ.എൻ.വി കുറുപ്പ്
20 നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക ഈ മഹത് വചനം ആരുടേതാണ്?
ഉ യേശുക്രിസ്തു
21 ഗാഥാ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്
ഉ ചെറുശ്ശേരി
22 അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ . ആരുടെ വരികൾ?
ഉ കുമാരനാശാൻ
23 വിശപ്പ് എന്ന കഥ ആരുടേതാണ്?
ഉ ഡോ. കെ. ശ്രീകുമാർ
24 സ്നേഹമാണഖലിസാരമൂഴിയിൽ ഇതാരുടെ വാക്കുകൾ?
ഉ കുമാരനാശാൻ
25 സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തേയും ആരുടെ വരികൾ
ഉ വയലാർ രാമവർമ്മ
26 ഒരു പീഡയുറുമ്പിനും വരുത്തരുത് ആരുടെ വാക്കുകൾ?
ശ്രീനാരായണഗുരു

27 കൃഷ്ണഗാഥയുടെ മറ്റൊരു പേര്?

കൃഷ്ണപ്പാട്ട്

28 ഗുരു നിത്യചൈതന്യയതിയുടെ ആദ്യത്തെ പേര്?

ജയചന്ദ്രൻ

29 പ്രാചീന കവിത്രയങ്ങൾ

ചെറുശ്ശേരി എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ

30 ആധുനിക കവിത്രയങ്ങൾ

ആശാൻ, ഉള്ളൂർ, വള്ളത്തോൾ

31 പേടിപ്പിച്ചോടിക്കാൻ നോക്കി പൂതം

പേടിക്കാതങ്ങനെ നിന്നാളമ്മ , ആരുടേതാണീ വരികൾ?

ഇടശ്ശേരി ഗോവിന്ദൻ നായർ

32 കൃഷ്ണഗാഥയുടെ ഉള്ളടക്കം എന്താണ്?

ശ്രീ കൃഷ്ണന്റെ ജനനം മുതൽ മരണംവരെയുള്ള കഥ പ്രതിപാദിച്ചിരിക്കുന്നു

33 സ്നാനം എന്ന പദത്തിന്റെ അർത്ഥം?

കുളി

34 വേനലൊഴിവെത്ര പിരിച്ചെഴുതിയാൽ

വേനൽ+ഒഴിവ്+എത്ര

35 ഇത്യാദി പിരിച്ചെഴുതിയാൽ

ഇതി + ആദി

36 ചെങ്കുപ്പായം പിരിച്ചെഴുതിയാൽ

ചെം + കുപ്പായം

37 വ്യാഹതി എന്ന പദത്തിന്റെ അർത്ഥം?

തടസ്സം

38 കേരളത്തിന്റെ ഉപവസന്തം എന്നറിയപ്പെടുന്ന ഋതു ഏത്?

ശരത്

39 ഐതിഹ്യമാലയുടെ കർത്താവ്

കൊട്ടാരത്തിൽ ശങ്കുണ്ണി

40 കോലത്തു നാട്ടിലെ ഉദയവർമ്മ രാജാവിന്റെ പ്രശസ്തനായ സദസ്യർ

ചെറുശ്ശേരി

41 2007ൽ ജ്ഞാനപീഠം നേടിയ മലയാളകവി

ഒ.എൻ.വി. കുറുപ്പ്

42 ഏറ്റവും ഒടുവിൽ ജ്ഞാനപീഠം നേടിയ മലയാളകവി

അക്കിത്തം അച്ച്യുതൻ നമ്പൂതിരി

43 ഒ.എൻ.വിയുടെ പ്രധാന കൃതികൾ?
ഭൂമിയ്ക്കൊരു ചരമഗീതം, അക്ഷരം, ഉജ്ജയിനി, ഉപ്പ്, വളപ്പൊട്ടുകൾ, കറുത്ത പക്ഷിയുടെ പാട്ട്, ഞാനഗ്നി, ഭൈരവന്റെ തുടി

44 ഈയിടെ അന്തരിച്ച പരിസ്ഥിതി പ്രവർത്തകയായ പ്രശസ്ത കവയിത്രി?
സുഗതകുമാരി ടീച്ചർ

45 ആറ്റിൻവക്കത്തെ മാളിക വീട്ടിലന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു. ആരുടേതാണീ വരികൾ?
ഇടശ്ശേരി

46 ഒരൊറ്റ മതമുണ്ടുലകിന്നുയിരാം പ്രേമമതൊന്നല്ലോ
പരക്കെ നമ്മെ പാലമൃതൂട്ടും
പാർവണ ശശിബിംബം ആരുടേതാണീ വരികൾ?
ഉള്ളൂർ.എസ്. പരമേശ്വരയ്യർ

47 സ്നേഹഗായകൻ എന്നറിയപ്പെടുന്ന കവി?
കുമാരനാശാൻ

48 സംസ്കൃതി എന്ന പദത്തിന്റെ അർത്ഥം?
സംസ്കാരം

49 അനുവാസരം എന്ന പദത്തിന്റെ അർത്ഥം?
ദിവസം തോറും

50 ശാരികപൈതലിൻ മോടി കണ്ടു മാരുതനും ചെന്നുകൂടി ഇതിൽ കാറ്റിന് പകരം ഉപയോഗിച്ച പദം ഏത്?
മാരുതൻ

52 പറഞ്ഞുനോക്കുക വെറുതെ നിങ്ങൾക്കെത്ര കിളിയുടെ പാട്ടറിയാം. ആരുടെ വരികൾ?
പി. മധുസൂദനൻ

53 കൃഷ്ണഗാഥ രചിച്ചിരിക്കുന്നത് ഏത് വൃത്തത്തിലാണ്
മഞ്ജരിവൃത്തം

54 ചെടിയിൻമേൽ കായ കായമേൽ ചെടി ഈ കടങ്കഥയ്ക്ക് ഉത്തരം എഴുതുക
കൈതച്ചക്ക

55 അക്കരെ നിൽക്കും തുഞ്ചാണി
ഇക്കരെ നിൽക്കും തുഞ്ചാണി
കൂട്ടിമുട്ടും തുഞ്ചാണി
കൺപീലി

56 വയറൊന്ന് വായ രണ്ട്
വയറ്റിൽ നിറയെ മക്കൾ
തീപ്പെട്ടി

57 താഴെ തന്നിട്ടുള്ളവയിൽ തെറ്റായ ജോഡി ഏത്?

എ) ചെറുശ്ശേരി : കൃഷ്ണഗാഥ
ബി) കുഞ്ചൻനമ്പ്യാർ : കല്ല്യാണസൗഗന്ധികം
സി) കുമാരാനാശാൻ : വീണപൂവ്
ഡി) വൈലോപ്പിള്ളി : ഭൂമിയ്ക്ക് ഒരു ചരമഗീതം

ഉ വൈലോപ്പിള്ളി : ഭൂമിയ്ക്ക് ഒരു ചരമഗീതം

58 തടികണ്ടത്തിൽ തല കല്യാണപന്തലിൽ എന്ന കടങ്കഥയുടെ ഉത്തരം?
വാഴ

59 കാടുണരുന്നു ആരുടെ കൃതിയാണ്
പിണ്ടാണി എൻ.ബി. പിള്ള

60 ശരിയായ പദം ഏത്?
ദൃഷ്ടി, ധൃഷ്ടി,ദ്രഷ്ടി, ദൃഷ്ഠി
ദൃഷ്ടി

61 അപാരം എന്ന വാക്കിന്റെ അർത്ഥം?
അതിരില്ലാത്തത്

62 മിന്നൽപ്പിണരുകൾ ഈ പദം പിരിച്ചെഴുതുക
മിന്നൽ + പിണരുകൾ

63 ഞാവൽക്കാട് ആരുടെ കൃതിയാണ്
പിണ്ടാണി എൻ.ബി. പിള്ള

64 കടവാതിൽ എന്നറിയപ്പെടുന്ന പക്ഷി
വവ്വാൽ

65 പക്ഷികളുടെ രാജാവ് എന്നറിയപ്പെടുന്ന പക്ഷി?
ഗരുഡൻ

66 ഹൃദയം - മിടിച്ചു (പരപര, ചറപറ, പടപട)

ഉ പടപട

67 വാഹനങ്ങളുടെ - ശബ്ദം ( കടകട, ചറപറ, പടപടി)

ഉ കടകട

68 ആനനം - മുഖം
കാനനം - - =
= കാട്

69 പച്ചക്കിളി എന്ന കവിത ഏത് വിഭാഗത്തിൽപ്പെടുന്നു?
താരാട്ട്

70 പൂക്കുന്നിതാമുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേൻമാവു പൂക്കുന്നശോകം. ആരുടെ വരികൾ?
കുമാരനാശാൻ

71 കേരളത്തിൽ പക്ഷി നിരീക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട പ്രസിദ്ധനായ പക്ഷി നിരീക്ഷകൻ?
കെ.കെ. നീലകണ്ഠൻ

72 കെ.കെ. നീലകണ്ഠന്റെ അപരനാമം?
ഇന്ദുചൂഡൻ

73 അപൂർവ ദേശാടനപക്ഷികൾ വിരുന്നെത്തുന്ന പതിരാമണൽ ദ്വീപ് ഏത് കായലിൽ ആണ് സ്ഥിതി ചെയ്യുന്നത്?
വേമ്പനാട്ടുകായൽ

74 ഇന്ത്യയുടെ പക്ഷി മനുഷ്യൻ
ഡോ. സലീം അലി

75 ഭാരതീയ സങ്കല്പമനുസരിച്ചുള്ള ആറ് ഋതുക്കൾ
വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം

76 ഡോ സലീം അലിയുടെ ആത്മകഥയുടെ പേരെന്ത്?
ഒരു കുരുവിയുടെ പതനം

77 അകത്ത് തിരിതെറുത്തു പുറത്ത് മുട്ടയിട്ടു
കുരുമുളക്

78 ആനയെ കെട്ടാൻ തടിയുണ്ട് ജീരകം പൊതിയാനിലയില്ല
പുളിമരം

79 അടിപാറ നടുവടി മീതെ കുട
ചേന

80 ജലജീവിയായി ജനിച്ച് ഗാനകോകിലമായി മാറി
കൊതുക്

81 സൂചിപോലെ ഇലവന്നു പായപോലെ ഇല വിരിഞ്ഞു.
വാഴയില

82 വെള്ളിക്കിണ്ണത്തിൽ ഞാവൽപഴം
കണ്ണ്

83 അമ്പാട്ടെ പട്ടിയ്ക്ക് മുമ്പോട്ട് വാല്
ചിരവ/കിണ്ടി

84 അടയ്ക്കും തുറക്കും കിങ്ങിണിപ്പത്തായം
കണ്ണ്

85 ആകാശം എന്ന പദത്തിന് സമാനപദമല്ലാത്തത്?
ഗഗനം, വദനം, മാനം, വാനം
വദനം

86 ഏഴരപ്പൊന്നാന ആരുടെ കൃതിയാണ്?
ഏറ്റുമാനൂർ സോമദാസൻ

87 ഓമനയുടെ ഓണം ഏത് കവിതാസമാഹാരത്തിൽ നിന്ന് എടുത്തതാണ്?
കാറ്റുപറഞ്ഞ കഥ

88 ഓണം വന്നാൽ തൊടിയിൽ എന്ത് കളി ക്കാനാണ് ഓമന ആഗ്രഹിക്കുന്നത്?
കിളിത്തട്ട്

89 ഓമനയുടെ ഓണക്കോടിക്ക് ഏത് പൂവിനേക്കാൾ ഭംഗിയുണ്ടെന്നാണ് ഓമന കരുതുന്നത്?
മുക്കുറ്റി

90 താഴെ പറയുന്നവയിൽ ശരിയായ പദം ഏത്
ഉത്കണ്ഠ, ഉദ്ക്കണ്ഠ, ഉൽക്കണ്ഠ, ഉദ്കണ്ഠ
ഉത്കണ്ഠ

91 ശരിയായ പദം ഏത്?
വിജ്ഞാനം, വിഞ്ജാനം, വിഞ്ഞാനം, വിജ്ജാനം
വിജ്ഞാനം

92 പത്തായം ഏത് കൃതിയിൽ നിന്നെടുത്തതാണ്?
ഓർമയിലെ കൃഷിക്കാഴ്ചകൾ

93 പത്തായത്തിന്റെ ഉപയോഗമെന്ത്?
ധാന്യങ്ങൾ സംഭരിച്ചുവെയ്ക്കുന്നതിന്

94 കുട്ടികളെത്തി കുറ്റിക്കാട്ടിൽ
പൊട്ടിവിടർന്നു പൊന്നോണം
ആരുടെ വരികൾ?
ഒളപ്പമണ്ണ

95 ഗതകാലം എന്ന പദത്തിന്റെ പകരം പദം
കഴിഞ്ഞകാലം

96 സാർവത്രികം എന്ന പദത്തിന്റെ അർത്ഥം?
സർവസാധാരണമായ

97 ഓരോരോ രാവും കുളിർമയേന്തും
ഓണനിലാവിനാലോളം തല്ലും
ആരുടെ വരികൾ?
ഇടപ്പള്ളി രാഘവൻപിള്ള

98 ധാന്യങ്ങൾ അളക്കുന്നതിന് പണ്ടുപയോഗിച്ചിരുന്ന ഉപകരണങ്ങൾ
പറ, ഇടങ്ങഴി, നാഴി

99 അനുവേലമെന്നന്തരംഗം പിരിച്ചെഴുതുക
അനുവേലം+എൻ+അന്തരംഗം

100 പൊൻപുലരിത്തുടിപ്പ് - പിരിച്ചെഴുതുക
പൊൻ+പുലരി+തുടിപ്പ്

101 മുത്തണിഞ്ഞ്
മുത്ത് + അണിഞ്ഞ്
102 ചെമ്പനീർച്ചെടി
ചെം+പനിനീർ+ചെടി
103 നാമ്പുണരന്നത്
നാമ്പ് + ഉണരുന്നത്
104 ക്ഷുദ്രം എന്ന പദത്തിന്റെ പകരം പദം
ചെറിയ / നിസ്സാരമായ
105 നാമാവശേഷമാകുക എന്ന പദത്തിന്റെ അർത്ഥം?
ഇല്ലാതാവുക
106 ഏറ്റുമാനൂർ സോമദാസന്റെ പ്രധാന കൃതികൾ?
ഏഴരപ്പൊന്നാന, കർക്കിടകം, ഇലപൊഴിയുംകാലം, രാമരാജ്യം
107 നാന്ദി കുറിക്കുക എന്ന പദത്തിന്റെ അർത്ഥം
തുടക്കം കുറിക്കുക
108 കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ താളത്തിൽ കുമാരനാശാൻ എഴുതിയ കാവ്യം
കരുണ
109 ശരിയായ പദം ഏത്?
വിശിഷ്ടാതിഥി, വിശിഷ്ടാതിതി, വിഷിഷ്ടാതിഥി, വിഷിഷ്ടാഥിതി
വിശിഷ്ടാതിഥി
110 കേരളാസിംഹം എന്നറിയപ്പെടുന്നത്?
പഴശ്ശിരാജ
111 നവഭാരതശിൽപ്പി എന്നറിയപ്പെടുന്നത്?
ജവഹർലാൽ നെഹ്റു
112 സർപ്പാകൃതിയിലുള്ള വള്ളങ്ങൾക്ക് പറയുന്ന പേര്?
ചുണ്ടൻ വള്ളങ്ങൾ
113 ആറ്റിൽ നിന്നൊന്നെടുത്തു ഒന്നുകൊണ്ട് മൂന്നാക്കി മൂന്നിൽ നിന്ന് രണ്ട് എടുത്തു. രണ്ടുകൊണ്ട് നൂറാക്കി. ഈ കടങ്കഥയുടെ ഉത്തരം എന്ത്?
കക്ക
114 അടിവരയിട്ട പ്രയോഗത്തിന് യോജിച്ച ആശയംവരുന്ന പദമെഴുതുക
എ) കായലോരം <u>ഹർഷാരവത്തിൽ</u> മുങ്ങി
ബി) <u>അഭൂതപൂർവമായ</u> ആ കാഴ്ച നെഹ്റുവിനെ വികാരഭരിതനാക്കി
എ) സന്തോഷപ്രകടനം
ബി) മുൻപെങ്ങും കണ്ടിട്ടില്ലാത്ത

115 നെഹ്റു ട്രോഫി വള്ളംകളി തുടക്കത്തിൽ അറിയപ്പെട്ടത് ഏത് പേരിലാണ്?
പ്രൈം മിനിസ്റ്റേഴ്സ് ട്രോഫി
116 ഒരു സംഭവം കണ്ടുകൊണ്ടിരിക്കുമ്പോൾ അയാൾ നടത്തുന്ന വ്യക്തമായ വിവരണത്തിനുപറയുന്ന പേര്?
ദൃക്സാക്ഷി വിവരണം  തത്സമയ വിവരണം
117 ഏഷ്യയുടെ പ്രകാശം എന്നറിയപ്പെടുന്നത് ആര്?
ശ്രീബുദ്ധൻ
118 രാമപുരത്ത് വാര്യർ എഴുതിയ പ്രസിദ്ധമായ വഞ്ചിപ്പാട്ട് ?
കുചേലവൃത്തം വഞ്ചിപ്പാട്ട്
119 കൂട്ടത്തിൽപെടാത്തത് ഏത്
ആഹ്ലാദം, ആമോദം, ആരവം, ആനന്ദം
ആരവം
120 നെഹ്റുട്രോഫി വള്ളംകളി എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്നെടുത്തതാണ്?
തെയ് തെയ്
121 നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന ജില്ല?
ആലപ്പുഴ
122 മിന്നുന്നതെല്ലാം പൊന്നല്ല ഈ ചൊല്ലിന്റെ ആശയമെന്ത്?
പുറംമോടി കണ്ട് ഭ്രമിക്കരുത്
123 ശക്തിയുടെ കവി എന്നറിയപ്പെടുന്നത്?
ഇടശ്ശേരി
124 ജനകീയ കവി
കുഞ്ചൻനമ്പ്യാർ
125 നിളയുടെ കഥാകാരൻ
എം.ടി. വാസുദേവൻ നായർ
126 ആശയഗംഭീരൻ
കുമാരനാശാൻ

## ആസ്വാദനകുറിപ്പ്

1 കുഞ്ഞേടത്തിയെ തന്നെയല്ലോ
ഉണ്ണിക്കെന്നെന്നുമേറെയിഷ്ടം
മടിയിലിരുത്തീട്ട് മാറോട് ചേർത്തിട്ട്
മണിമണിപോലെ കഥപറയും

ആനേടെ മയിലിന്റെ ഒട്ടകത്തിന്റെയും
ആരും കേൾക്കാത്ത കഥപറയും
ഒ.എൻ.വി

കവിതയ്ക്ക് ഒരു ആസ്വാദനകുറിപ്പ് തയ്യാറാക്കുക.

കുഞ്ഞേടത്തി എന്ന കവിതയ്ക്ക് ഒരാസ്വാദനകുറിപ്പ്


മലയാളത്തിലെ പ്രശ്സതകവിയായ ശ്രീ. ഒ.എൻ.വി കുറിപ്പിന്റെ കുഞ്ഞേടത്തി എന്ന കവിതയിലെ ഏതാനും വരികളാണിത്. കുഞ്ഞേടത്തി തന്റെ അനിയനായ ഉണ്ണിയ്ക്ക് നൽകുന്ന സ്നേഹവാത്സല്യങ്ങളാണ് കവിതയിലെ പ്രമേയം. ഇന്നുവരെ ആരും കേൾക്കാത്ത കഥ പറഞ്ഞുകൊടുക്കുകയും ചെയ്യുന്ന കുഞ്ഞേടത്തിയെ ഏറെ സ്നേഹമായിരുന്നു ഉണ്ണിയ്ക്ക്. ഈ വരികൾ വായിക്കുമ്പോൾ തന്നെ ആ സഹോദര സ്നേഹം ഒരു മനോഹരദൃശ്യമായി നമ്മുടെ മനസ്സിലേക്കോടിയെത്തുന്നു. മടിയിലിരുത്തി മാറോട് ചേർത്ത് ഇതുവരെ ആരും കേൾക്കാത്ത കഥ പറഞ്ഞു കൊടുക്കുന്ന കുഞ്ഞേടത്തിയെ എന്ന വരികളുടെ പ്രയോഗഭംഗി ഈ കവിതയെ കൂടുതൽ ആകർഷകമാക്കുന്നു. മുത്തശ്ശിയെുടെ മടിയിലുന്ന് കഥ കേൾക്കാറുള്ള കുട്ടിക്കാലമാണ് എന്റെ മനസ്സിൽ നിറയുന്നത്. വ്യത്യസ്ത ഈണങ്ങളിൽ ചൊല്ലാൻ കഴിയുന്ന ഈ കവിതയ്ക്ക് ഒരു പ്രത്യേക താളഭംഗിയുമുണ്ട്. സഹോദര സ്നേഹത്തിന്റെ മനോഹര ദൃശ്യമാണ് കവി ഈ കവിതയിലൂടെ ആസ്വാദകരിലേക്ക് എത്തിക്കുന്നത്.

2 ഒരു പൂച്ചെടിയെ നട്ടുള്ളു
ഓരോ കൊമ്പും പൂത്തല്ലോ
രത്നക്കല്ലിൽ കമ്മലുപോൽ
മുറ്റത്തെങ്ങും പൂക്കാലം
പൂക്കളുണർന്നു ചിരിച്ചപ്പോൾ
പൂമ്പാറ്റകളും വന്നല്ലോ
നാനാവർണ ചിറകോടെ
പൂവില്ലാത്തൊരു നാളില്ല
പൂമ്പാറ്റകളും കുറവല്ല
അഴകിൻ വഴികൾ കാണുമ്പോൾ
ആനന്ദത്തിൻ പൊടിപൂരം
മാവേലിക്കും മാളോർക്കും
ആനന്ദത്തിൻ പൊന്നോണം
ഒരു പൂച്ചെടിയേ നട്ടുള്ളു
മുറ്റത്തെങ്ങും പൂക്കാലം

എ) കവിത നൽകുന്ന ആശയം എന്ത്?

ബി) പൂമ്പാറ്റകൾ പൂവിൽ വന്നിരുന്നത് എങ്ങനെ?

സി) ആസ്വാദനകുറിപ്പ് തയ്യാറാക്കൂ.




3 ആസ്വാദനകുറിപ്പ്

പൂവിനെ നുള്ളുവാൻ
ഭാവിച്ചൊരോമലിൻ
കൈവിരലെന്തോ മടിച്ചു നിന്നു
നോവിക്കയില്ല ഞാൻ
ഓമനേ നീ മലർക്കാവിന്റെ
വാത്സല്യ സ്വപ്നമല്ലോ
നിങ്കൽ വിരുവതീശ്വരസൃഷ്ടിതൻ
സങ്കല്പ സൗന്ദര്യം തന്നെയല്ലോ
സ്വച്ഛമാമെൻമുഖം കാണുമ്പോഴമ്മയെ
അച്ഛനെയോർമ്മിക്കുമാറുണ്ടെന്നും
മുമ്പിൽ നീ നിൽക്കുമ്പോൾ പാരിന്റെ
യച്ഛനെ പിമ്പിൽ ഞാൻ
കോൾമയിർ കൊണ്ട് മൂടും
പൊന്നുവെയിൽ നിനക്കേകുമുടുപ്പിട്ടും

തെന്നലിനോടൊത്ത് നൃത്തം ചെയ്തും
ഉല്ലസിച്ചാലും നീയന്തിയാവോളവും
ചെല്ലുമേ, പിന്നെനീയീശ്വരനെ
ധ്യാനിച്ചു കണ്ണുമടച്ചു മയങ്ങുക
തേനിന്റെ കൂടല്ലോ നിൻഹൃദയം

. ജി. ശങ്കരകുറുപ്പ്

## ജീവചരിത്രകുറിപ്പ്

| | | |
|---|---|---|
| പേര് | : | |
| ജനനം | : | 1927 മെയ് 10 . തൃശ്ശൂർ, വലപ്പാട്ട് |
| പിതാവ് | : | ഞായിപ്പിള്ളി ഇല്ലത്ത് നീലക്ണ്ഠൻ മൂസത്. |
| മാതാവ് | : | അതിയാരത്ത് നാരായണി അമ്മ. |
| വിദ്യാഭ്യാസം | : | മലയാള വിദ്വാൻ പരീക്ഷ പാസായി. |
| ജോലി | : | അധ്യാപകൻ |
| പ്രധാനകൃതികൾ | : | അക്ഷരത്തെറ്റ്, അമൃതകഥകൾ, ഊണ് തൊട്ട് ഉറക്കം വരെ, വിത്തും മുത്തും, കുറ്റിപ്പെൻസിൽ , നോൺസെൻസ് കവിതകൾ, ചെറിയ കുട്ടിക്കവിതകൾ, വലിയകുട്ടിക്ക വിതകൾ. |
| പുരസ്കാരങ്ങൾ | : | കേരള സാഹിത്യ അക്കാദമി പുരസ്കാരം. |
| മരണം | : | 2006 |

തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ഒരു ജീവചരിത്രകുറിപ്പ് തയ്യാറാക്കുക.

## ജീവചരിത്രക്കുറിപ്പ് സൂചകങ്ങൾ

1. ജനനം
2. മാതാപിതാക്കൾ
3. സേവനമനുഷ്ഠിച്ച മേഖലകൾ
4. കൃതികൾ
5. അവാർഡുകൾ
6. മരണം

## താരതമ്യകുറിപ്പ്

1. **ഓമനയുടെ ഓണം**

മഞ്ഞക്കോടിയുമായെന്നച്ഛൻ
പൊന്നോണത്തിനു വരുമല്ലോ!
കരിമുകിൽ മൂടിയ വിണ്ണിൽ വെളിച്ചം
കാവടി തുള്ളിയണഞ്ഞല്ലോ.
മുറ്റം ചെത്തി വെടിപ്പാക്കേണം
പുത്തൻ പൂക്കളമെഴുതേണം
ഓണത്തപ്പനെ ഒത്തനടുക്കായ്
ചാണം മെഴുകിയിരുത്തേണം.

ഏറ്റുമാനൂർ സോമദാസൻ

## വിടരാത്ത ഓണപ്പൂക്കൾ

കുട്ടികളെത്തി കുറ്റിക്കാട്ടിൽ-
പ്പൊട്ടി വിടർന്നു പൊന്നോണം.
നടുമുറ്റത്തുള്ളോണത്തപ്പ-
ന്നടനേദിച്ചു മുത്തശ്ശി
മിഴിയണ മാതാവേകിയ മഷികൊ—
ണ്ടെഴുതി, കറുകപ്പൂച്ചൂടി
കാമിനി പെട്ടിതുറന്നിട്ടേകിയ
കോടിയലക്കിയ മുണ്ടോടെ
വെളിയിലിറങ്ങി നടന്നേൻ, പൊന്നിള
വെയിലിൽ പൂക്കും മനമോടെ

ഒളപ്പമണ്ണ

## സൂചകങ്ങൾ

- ലഭ്യമാണെങ്കിൽ കവിതയുടെ പേര്, കവി
- ഉള്ളടക്കം
- ആശയങ്ങളുടെ താരതമ്യം.

## ഉത്തരമാതൃക

ശ്രീ. ഏറ്റുമാനൂർ സോമദാസന്റെ ഓമനയുടെ ഓണം എന്ന കവിതയിൽ ഓണത്തെ വരവേൽക്കുന്നതിനുള്ള മുന്നൊരുക്കങ്ങളെക്കുറിച്ചാണ് കവി സൂചിപ്പിക്കുന്നത്. . കൂടാതെ നമ്മളെപ്പോലെത്തന്നെ പ്രകൃതിയും അണിഞ്ഞൊരുങ്ങി ഓണത്തെ വരവേൽക്കുന്നതായി കവി വിശദീകരിക്കുന്നു.

ശ്രീ. ഒളപ്പമണ്ണയുടെ വിടരാത്ത ഓണപ്പൂക്കൾ എന്ന കവിതയിൽ ഓണത്തിനായി പൂക്കളമൊരുക്കുന്നതും ഓണത്തപ്പന് അടനേദിക്കുന്നതും ഓണക്കോടിയുടുക്കുന്നതുമൊക്കെയാണ് പ്രതിപാദിക്കുന്നത്.

രണ്ട് കവിതയിലും ഓണത്തെ വരവേൽക്കാൻ പ്രകൃതിയും നമ്മളും ഒരുങ്ങുന്നതിനെക്കുറിച്ചാണ് വിശദീകരിക്കുന്നത്. വളരെ മനോഹരമായ വരികളാൽ ഈ ആശയങ്ങൾ വിനിമയം ചെയ്യാൻ കവികൾ ശ്രദ്ധിച്ചിട്ടുണ്ട്.

## താരതമ്യക്കുറിപ്പ് തയ്യാറാക്കാം

### പ്രകൃതി വിരുദ്ധർ

മഴുതിന്നുമഴുതിന്നു മരമാകെ മാറി
വഴിമാറി, മഴമാറി, പുഴയാകെ മാറി
ചിറകറ്റ കിളികളെ ചുമരിൽ തറച്ചു
ഗതിയറ്റ കരികളെ കെണിവെച്ചു വീഴ്ത്തി
കലിവന്ന പുലിവന്നു മനുഷ്യനെത്തിന്നു,
പുലികളി, പലതരം, തെരുവിൽ നിരന്നു.

1. ഈ കവിതയിൽ ആന എന്നർത്ഥം വരുന്ന പദമേത്?.
2. ചുമരിൽ തറച്ചതാരെയാണ്.
3. ഈ വരികളിലെ ആശയത്തെ ഞാവൽക്കാട് എന്ന പാഠഭാഗത്തെ ആശയവുമായി ബന്ധപ്പെടുത്തി ഒരു താരതമ്യക്കുറിപ്പ് തയ്യാറാക്കു.

### അനുഭവകുറിപ്പ്

ഒരു നേരത്തെ അന്നത്തിനായി ബുദ്ധിമുട്ടുന്ന ഒരുപാടാളുകൾ നമുക്കു ചുറ്റിലുമുണ്ട്. ഉച്ചയ്ക്ക് കഴിക്കാൻ അമ്മ കൊടുത്തയച്ച ചോറും ഏറെയിഷ്ടപ്പെട്ട മാങ്ങാച്ചമ്മന്തിയും വഴിയോരത്തെ വൃദ്ധനു നൽകിയ കുട്ടിയെ വിശപ്പ് എന്ന കഥയിൽ

നമ്മൾ കണ്ടു.

ഇതുപോലെയുള്ള അനുഭവങ്ങൾ നിങ്ങൾക്കുണ്ടായിട്ടില്ലേ......................... ഒരനുഭവകുറിപ്പ് എഴുതി നോക്കൂ.

**സൂചകങ്ങൾ**

- തുടക്കം
- മനസ്സിൽ തട്ടുന്ന ഭാഷ
- വാങ്മയ ;ചിത്രം
- ആശയതുടർച്ച
- ഒടുക്കം

**ഉത്തരമാതൃക**

**മഴക്കാല അനുഭവം.**

ശ്രീ.ഒ.എൻ.വി കുറിപ്പിന്റെ കൂടയില്ലാത്തവർ എന്ന കവിത ഒരു മഴക്കാലാ അനുഭവം കൂടിയാണല്ലോ. ഇതുപോലെ മറ്റൊരു മഴക്കാല അനുഭവം വായിക്കൂ.

അന്ന് നവംബർ മാസത്തിലെ ഒരു ദിനമായിരുന്നു. വൈകുന്നേരം ഏകദേശം ഒരു നാലുമണിയായിക്കാണും . ആകാശത്ത് കാർമേഘങ്ങൾ മത്സരിച്ച് ഒഴുകാൻ തുടങ്ങി. സുവർണരേഖകൾ മിന്നൽപ്പിണരുകളായി ആകാശത്തെത്തി. അപ്രതീക്ഷിതമായി എത്തിയ തുലാമഴ തുള്ളിക്കൊരുകുടം കണക്കെ തകർത്തു പെയ്യുകയാണ്. ചിന്നു സ്കൂൾ വിട്ട് വീടിനുമുന്നിൽ എത്തിയെങ്കിലും ആകെ അമ്പരന്നു. വീടിനുമുന്നിലുള്ള തോടും വയലുമെല്ലാം ഒന്നായിരിക്കുന്നു. ഉടുപ്പുയർത്തിപിടിച്ച് വെള്ളത്തിലൂടെയങ്ങനെ വീട്ടിലെത്തിയെങ്കിലും ഉണ്ണിക്കുട്ടനെ കണ്ടില്ല. സാധാരണ താൻ എത്തുന്നതിനുമുമ്പേ ഉണ്ണിക്കുട്ടനാണല്ലോ എത്താറ്. എന്നും സന്ധ്യയാകുമ്പോഴാണ് കൂലിപ്പണിക്കുപോകുന്ന അമ്മയെത്താറുള്ളത്. ഇടിയുടെ ശബ്ദം അവളുടെ ഹദയത്തിൽ നിന്നാണ് മുഴങ്ങിയത്. നിറഞ്ഞ് പുഴ കണക്കെ ഒഴുകുന്ന തോട് മനസ്സിൽ മിന്നിമറഞ്ഞു. ഉണ്ണിക്കുട്ടനെ ഉച്ചത്തിൽ വിളിച്ച് വെള്ളത്തിലൂടെ അവളങ്ങനെ ഓടുകയാണ് . ആ ശബ്ദം മാത്രം അവിടെ മാറ്റൊലികൊണ്ടു. കരഞ്ഞ് നിലവിളിക്കുന്ന അവളുടെ മുന്നിലേക്കതാ ദൈവദൂതനെപ്പോലെ ഒരാൾ ഉണ്ണിക്കുട്ടന്റെ കൈയ്യും പിടിച്ച് നടന്നു വരുന്നു. പുഞ്ചിരിതൂകി നിൽക്കുന്ന അവനെ മാറോടണച്ച് തേങ്ങിക്കരയുക യായിരുനവ്നു. അവൾ ....... സന്തോഷാശ്രുക്കളോടെ ............

## കത്തെഴുതാം.

ഉണ്ണി ഉമ്മറത്തിണ്ണയിൽ വിഷമിച്ചിരിക്കുകയാണ്. ചേച്ചി ഉണ്ണിയുടെ വിഷാദമുഖം കണ്ട് കാരണമന്വേഷിച്ചു. കോവിഡ്കാലത്ത് തനിക്ക് നഷ്ടപ്പെട്ട സ്കൂൾ ദിനങ്ങളായിരുന്നു. അവന്റെ മനസ്സ് നിറയെ എന്തുരസകരമായിരുന്നു കൂട്ടുകാരോടൊപ്പ മുള്ള നല്ല ദിനങ്ങൾ. എനിക്ക് അവരെയൊക്കെ കാണണം സംസാരിക്കണം. ഉണ്ണി ചേച്ചിയോട് പറഞ്ഞുഅതിനെന്താ സ്കൂളിൽ പോകാനായില്ലെങ്കിലും കൂട്ടുകാർക്ക് കത്തെഴുതാമല്ലോ. അവന് കുറേ ആശ്വാസമായി. ഉണ്ണി ഉറ്റ സുഹൃത്തായ മനുവിന് കത്തെഴുതാൻ തുടങ്ങി. എന്തൊക്കെയായിരിക്കും മനു എഴുതിയിട്ടുണ്ടാകുക. ഒന്നെഴുതി നോക്കൂ.

### സൂചകങ്ങൾ

- ഘടന ( സ്ഥലം, തിയ്യതി)
- അഭിസംബോധന
- തുടക്കം
- ഉള്ളടക്കം
- ഉപസംഹാരം

### നോട്ടീസ്

കാട്ടുതീയിൽ നിന്ന് രക്ഷപ്പെട്ട ഞാവൽക്കാട്ടിലെ മുതുമുത്തശ്ശനായ ഞാവൽമരത്തെ ലോക പരിസ്ഥിതി ദിനത്തിൽ ആദരിക്കുന്നതിനായി തയ്യാറാക്കിയ ഒരു നോട്ടീസാണ് ചുവടെ കൊടുത്തിരിക്കുന്നത്.

മാന്യരേ

നമ്മുടെ ഏവരുടേയും ആശ്രയമായ ഞാവൽമരത്തെ ലോക പരിസ്ഥിതി ദിനത്തിൽ ആദരിക്കുകയാണ്. ജൂൺ-5 വൈകീട്ട് 4 മണിക്ക് ഞാവൽക്കാട്ടിൽ വെച്ചാണ് പരിപാടി. ഇതിലേക്ക് എല്ലാവരെയും സാദരം ക്ഷണിക്കുന്നു.

എന്ന്,
മയിലമ്മ
സെക്രട്ടറി
പരിസ്ഥിതി ദിനാഘോഷകമ്മിറ്റി

## കാര്യപരിപാടികൾ

ഈശ്വരപ്രാർത്ഥന : മാടത്ത
അധ്യക്ഷൻ : ഉണ്ടക്കണ്ണൻ മൂങ്ങ

| | | |
|---|---|---|
| സ്വാഗതം | : | മയിലമ്മ |
| ഉദ്ഘാടനം | : | ഗരുഡമ്മാവൻ. |
| ആദരിക്കൽ | : | കുയിലമ്മ |
| ആശംസകൾ | : | മൈന, കുരുവി, പൊന്മാൻ |
| നന്ദി | : | പച്ചതത്ത |


1) വേനൽക്കാല അവധി ഒരു വേറിട്ട അനുഭവമാക്കി തീർക്കാനായിരുന്നു കുട്ടന്റേയും ലൈലയുടേയും തീരുമാനം. തൊട്ടടുത്ത വീട്ടിലെ റഹ്മാനും കൂട്ടിനായി എത്തി. എന്ത് തുടങ്ങും, കൃഷിയായാലോ? പച്ചക്കറി കൃഷിചെയ്യാമെന്ന് വെച്ചു. മണ്ണൊരുക്കത്തെക്കുറിച്ചും കൃഷിരീതിയെക്കുറിച്ചും മുതിർന്നവരോടും അധ്യാപക രോടും ചോദിച്ചറിഞ്ഞു. എല്ലാവരുടേയും , സഹായത്താൽ പച്ചക്കറിത്തോട്ടം ഉഷാറായി. പ്രതീക്ഷിച്ചതിലും കൂടുതൽ വിളവെടുത്തു. ഈ കുട്ടി കർഷകരെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആദരിക്കാൻ അധികാരികൾ തീരുമാനിച്ചു. അതിനായി ഒരു നോട്ടീസ് തയ്യാറാക്കു.

## ആത്മകഥ

1. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നെഹ്റു ട്രോഫി വള്ളംകളി മാറ്റിവെച്ചല്ലോ. കഴിഞ്ഞ വർഷം നടുഭാഗം ചുണ്ടനായിരുന്നു ട്രോഫി നേടിയത്. കുട്ടനാട്ടുകാർ ആവേശോജ്ജ്വലമായി തുടക്കം കുറിച്ച ആ ജലമേളയിലെ ജേതാവ് നടുഭാഗം ചുണ്ടൻ തന്റെ ആത്മകഥ പറയാൻ തുടങ്ങി.

എന്തൊക്കെയാകും നടുഭാഗം ചുണ്ടന് പറയാനുണ്ടാവുക?

ആത്മകഥ എഴുതുക



## ഉത്തരമാതൃക

മനസ്സിനെ കുളിരണിയിപ്പിച്ച സന്തോഷത്തിന്റെ കാലമായിരുന്നു അന്ന് . വളർന്ന് പന്തലിച്ച് നിന്നിരുന്ന ഒരു ആഞ്ഞിലി മരത്തിൽ നിന്നായിരുന്നു എന്റെ തുടക്കം. നിരവധി കലാകാരന്മാരുടെ കരവിരുതിനൊടുവിലാണ് എനിക്ക് ഈ രൂപം കൈവന്നത്. 1952 ൽ ആദ്യമായി കുട്ടനാട്ടുകാരുടെ ജലോത്സവമായ നെഹ്റു ട്രോഫി വള്ളംകളിയിലേക്ക് ഞാനിറങ്ങിയപ്പോഴുണ്ടായ ആർപ്പുവിളികളും ആരവങ്ങളും ഇന്ന് എന്റെ കാതുകളിൽ മുഴുങ്ങുന്നു. എന്നോടൊപ്പം എന്റെ കൂട്ടുകാരായ ഏഴുപേരും മത്സരത്തിൽ എന്റെ തൊട്ടുപിന്നിലുണ്ടായിരുന്നു. താളത്തിനൊത്ത് വഞ്ചിപ്പാട്ടുപാടി എന്നെ വിജയത്തിലെത്തിക്കാൻ ആഞ്ഞു തുഴഞ്ഞവരെ ഞാനിന്നും ഓർക്കുന്നു. ചാച്ചാജിയെ വഹിച്ചുകൊണ്ടുള്ള ആ യാത്ര ഒരു അവിസ്മരണീയമായ മുഹൂർത്ത മായി ഞാൻ കാണുന്നു. ഇന്ന് ആർപ്പു വിളികളും, ആരവങ്ങളുമില്ലാതെ പുന്നമട ക്കായലിൽ വള്ളം കളിക്കായിഞാൻ നിശ്ശബ്ദം കാത്തിരിക്കുകയാണ്. ഇനിയും ഈ കൊച്ചോളങ്ങളെ പുളകച്ചാർത്തണിയിക്കാൻ എനിക്കാകുമെന്ന പ്രതീക്ഷയോടെ ....................................................


1) **ആത്മകഥ - കലപ്പ**

പൂക്കളമൊരുക്കാൻ തുമ്പപ്പൂപറിക്കാനായി ഓമന പുറത്തേക്കിറങ്ങിയ തായിരുന്നു. തൊട്ടടുത്ത തൊടിയിലെ ട്രാക്ടറിന്റെ ശബ്ദം കേട്ട് കൊണ്ടാണ് പൂക്കളെല്ലാം പറിച്ചത്. ട്രാക്ടറിനെ കുറച്ചു നേരം നോക്കി നിന്ന് ഓമന വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് ഒരു മൂലയിൽ പൊടി പിടിച്ചിരിക്കുന്ന കലപ്പ ശ്രദ്ധയിൽപ്പെട്ടത്. അവൾ കലപ്പയുടെ അടുത്തെത്തി. ഓമനേ ....................... കലപ്പ തന്റെ കഥ ഓമനയോട് പറയാൻ തുടങ്ങി കലപ്പയുടെ ആത്മകഥ തയ്യാറാക്കിയാലോ?

## പത്രവാർത്ത

1. പുന്നമടക്കായലിലെ കൊച്ചോളങ്ങളെ പുളകച്ചാർത്തണിയിച്ച് ചുണ്ടൻ വള്ളങ്ങൾ മിന്നൽ വേഗത്തിൽ ലക്ഷ്യ സ്ഥാനത്തേക്ക് മുന്നേറുകയാണ്. വിജയം തങ്ങൾക്കാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് നടുഭാഗം ചുണ്ടൻ പാഞ്ഞടുത്തു. മറ്റ് വള്ളങ്ങളെ പിന്തള്ളി ഒന്നാമത്തെ ട്രാക്കിലൂടെ ഒരു പടക്കുതിരയെപ്പോലെ പറന്ന് വന്ന് നടുഭാഗം ചുണ്ടൻ വിജയക്കൊടി നാട്ടി. മുഖ്യാതിഥിയായ ഇന്ത്യയുടെ പ്രധാന മന്ത്രിയിൽ നിന്ന് ക്യാപ്റ്റൻ സമ്മാനം ഏറ്റുവാങ്ങി.

അടുത്ത ദിവസത്തെ പത്രത്തിൽ വന്ന വാർത്ത എങ്ങനെയായിരിക്കും? എഴുതി നോക്കു.




## ഉത്തരമാതൃക

**ആവേശോജ്ജ്വലമായ ജലമേളക്ക് തുടക്കമായി.**

ആലപ്പുഴ: ഇന്നലെ പുന്നമടക്കായലിനെ പുളകച്ചാർത്തണിയിച്ച് നെഹ്റു ട്രോഫി വള്ളംകളിയ്ക്ക് തുടക്കമായി. എല്ലാ ചുണ്ടൻ വള്ളങ്ങളും മിന്നൽ വേഗത്തിൽ മുന്നേറാൻ ശ്രമിച്ചെങ്കിലും നടുഭാഗം ചുണ്ടനാണ് വിജയക്കൊടി നാട്ടിയത്. ഇഞ്ചോടിഞ്ച് പോരാട്ടമായിരുന്ന വള്ളംകളിക്ക് നാന്ദിക്കുറിച്ചത് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവാണ്. അദ്ദേഹത്തോടുള്ള ആദരസൂചകമായാണ് നെഹ്റു ട്രോഫി വള്ളംകളി എന്ന പേരുവന്നത്. നടുഭാഗം ചുണ്ടന്റെ ക്യാപ്റ്റൻ പ്രധാന മന്ത്രിയിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങി. ആർപ്പുവിളികളും ആരവങ്ങളുമായി ഈ ജലമേളക്ക് സമാപനം കുറിച്ചു.

2) മാന്യരെ,

നമ്മുടെ ഏവരുടേയും ആശ്രയമായ ഞാവൽമരത്തെ ലോകപരിസ്ഥിതി ദിനത്തിൽ ആദരിക്കുകയാണ്. ജൂൺ 5 വൈകീട്ട് 8 മണിക്ക് ഞാവൽക്കാട്ടിൽ വെച്ചാണ് പരിപാടി. എല്ലാവരേയും പരിപാടിയിലേക്ക് സാദരം ക്ഷണിക്കുന്നു.

എന്ന്,

മയിലമ്മ
സെക്രട്ടറി
പരിസ്ഥിതി ദിനാഘോഷകമ്മിറ്റി

## കാര്യപരിപാടികൾ

| | | |
|---|---|---|
| ഈശ്വരപ്രാർത്ഥന | : | മാടത്ത |
| അധ്യക്ഷൻ | : | ഉണ്ടക്കണ്ണൻ മൂങ്ങ |
| സ്വാഗതം | : | മയിലമ്മ |
| ഉദ്ഘാടനം | : | ഗരുഡമ്മാവൻ. |
| ആദരിക്കൽ | : | കുയിലമ്മ |
| ആശംസകൾ | : | മൈന, കുരുവി, പൊന്മാൻ |
| നന്ദി | : | പച്ചതത്ത |

പിറ്റേദിവസം വനശബ്ദം പത്രത്തിൽ  വരാനിടയുള്ള വാർത്ത തയ്യാറാക്കു.

2. കോവിഡ്കാലമായതിനാൽ കുട്ടനും ലൈലയും ഓൺലൈൻ ക്ലാസിലെ  വർക്കുകൾ : എല്ലാം ചെയ്തതിനുശേഷം മുറ്റത്ത് ഇരിക്കുകയായിരുന്നു.  മനുഷ്യ ശബ്ദത്തിൽ പാട്ടുപാടിക്കൊണ്ട് ആ മൈന വീണ്ടുമതാ മാവിൻ കൊമ്പത്തിരിക്കുന്നു. കുട്ടനേയും ലൈലയേയും കണ്ടതും  മൈന അടുത്ത്  വന്നിരുന്ന് വീണ്ടും പാടി. കോവിഡ് മഹാമാരിയെ തടയാൻ  ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് ഇത്തവണമൈന പാടിയത്. പിറ്റേ ദിവസത്തെ  പത്രത്തിൽ വന്ന വാർത്ത എന്തായിരിക്കും? എഴുതി നോക്കൂ.

1. ചുണ്ടൻ വെള്ളങ്ങളുടെ  നിർമ്മാണത്തിനുപയോഗിക്കുന്ന തടിയേത്?

ഉ: ആഞ്ഞിലി

2. വിശിഷ്ടാതിഥിയായ നെഹ്റു മണ്ഡപത്തിലേക്കു കയറിയപ്പോൾ ആദര സൂചകമായി 63 കതിനാവെടികൾ പൊട്ടി. ഈ 63 എന്ന സംഖ്യ എന്തിനെയാണ് അനുസ്മരിപ്പിക്കുന്നത്?

ഉ: നെഹ്റുവിന്റെവയസ്സിനെ

3. കൂട്ടത്തിൽ പെടാത്തത് ഏത്?
(തിങ്കൾ, ശശി, ഇന്ദു, ചന്ദ്രിക)

ഉ: ചന്ദ്രിക

4. അടിവരയിട്ട പദത്തിന് പകരം പദം എഴുതുക.
അമ്മ കുളി കഴിഞ്ഞെത്തി.

ഉ: സ്നാനം.

5. സ്നേഹവ്യാഹതി തന്നെ മരണം ഈ വരിയോട് യോജിച്ച ആശയമേത്?
(സ്നേഹമാണ്  മരണം, സ്നേഹം കൊണ്ട് മരിക്കുന്നു, മരിക്കുമ്പോൾ സ്നേഹം ഇല്ലാതാകുന്നു, സ്നേഹമില്ലെങ്കിൽ മരണത്തിന് തുല്യമാണ്. )

ഉ: സ്നേഹമില്ലെങ്കിൽ മരണത്തിന് തുല്യമാണ്.

6. അക്ഷരമാലാക്രമത്തിലെഴുതു
(പ്രതീകം, ഭദ്രം, നൗക, പുലരി)

ഉ: നൗക, പുലരി, പ്രതീകം, ഭദ്രം

7. ജ്ഞാനപീഠജേതാക്കളിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന മലയാളി
(എം.ടി വാസുദേവൻ നായർ, ഒ.എൻ.വി, അക്കിത്തം)

ഉ: എം.ടി വാസുദേവൻ നായർ

## 8. തൂലികാനാമങ്ങൾ

| | | | |
|---|---|---|---|
| 1) | സുമംഗല | – | ലീലാനമ്പൂതിരിപ്പാട് |
| 2) | ഉറൂബ് | – | പി.സി കുട്ടികൃഷ്ണൻ |
| 3) | തിക്കോടിയൻ | – | കുഞ്ഞനന്തൻ നായർ |
| 4) | നന്ദനാർ | – | പി.സി ഗോപാലൻ |
| 5) | വിലാസിനി | – | എം. കുട്ടികൃഷ്ണമേനോൻ |
| 6) | മാധവിക്കുട്ടി | – | കമലാദാസ്/കമലസുരയ്യ |
| 7) | സഞ്ജയൻ | – | എം. രാമുണ്ണിനായർ |
| 8) | ഇടശ്ശേരി | – | ഇടശ്ശേരി ഗോവിന്ദൻ നായർ |
| 9) | അക്കിത്തം | – | അച്യുതൻ നമ്പൂതിരി |
| 10) | എസ്.കെ പൊറ്റക്കാട് | – | ശങ്കരൻകുട്ടി പൊറ്റേക്കാട് |
| 11) | ആനന്ദ് | – | സച്ചിദാനന്ദൻ |